പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6939 10.07.2014 ലെ മറുപടിക്ക്

## വിജ്ഞാൻവാടി കേന്ദ്രങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.കെ. ജയചന്ദ്രൻ | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) | എല്ലാ പഞ്ചായത്തുകളിലും വിജ്ഞാൻ വാടി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലുമായി 1000 വിജ്ഞാൻവാടികൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | നിലവിൽ എത്ര വിജ്ഞാൻവാടികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നും ഇവയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം നൽകാമോ; | (ബി) | ഒന്നാംഘട്ടത്തിൽ ലഭ്യമായ 70 കെട്ടിടങ്ങളിൽ വിജ്ഞാൻവാടികൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ വിജ്ഞാൻവാടി ആരംഭിക്കുന്നതിനായി കേരള പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണം പൂർത്തിയാക്കിയ 37 കെട്ടിടങ്ങളിൽ വൈദ്യുതി, ഇന്റർ നെറ്റ് ലഭിക്കുന്നതിനുള്ള ടെലിഫോൺ കണക്ഷൻ എന്നിവ ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. വിജ്ഞാൻവാടി സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പട്ടികജാതി വികസന ഓഫീസർ, SC പ്രൊമോട്ടർമാർ എന്നിവർ ചേർന്ന് പ്രവർത്തനം പരിശോധിക്കാറുണ്ട്. |
| (സി) | വിജ്ഞാൻവാടികളുടെ സേവനം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ? | (സി) | കൂടുതൽ വിജ്ഞാൻവാടികൾ തുടങ്ങുന്ന മുറയ്ക്ക് കൂടുതൽ ആളുകൾക്ക് ഇതിന്റെ സേവനം നൽകാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ